

ദോഹ മദ്റസ വാർഷിക അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് റാഫ് ചാരിറ്റി സാംസ്കാരിക വിഭാഗം ഉപദേഷ്ടാവ് മുഹ്സിൻ അബ്ബാദ് അൽ അജി സംസാരിക്കുന്നു

# മത-ഭൗതിക വിജ്ഞാനം വിജയത്തിന്റെ അടിസ്ഥാനം –മുഹ്സിൻ അൽ അജി

**ദോഹ:** മതപഠനവും ഭൗതിക വിദ്യാഭ്യാസവും സമന്വയിപ്പിക്കുന്നതിന് വിദ്യാർഥികൾ പരിശ്രമിക്കണമെന്നും അതാണ് ജീവിത വിജയത്തിന് അടിസ്ഥാനമെന്നും റാഫ് ചാരിറ്റി സാംസ്കാരിക വിഭാഗം ഉപദേഷ്ടാവ് മുഹ്സിൻ അബ്ബാദ് അൽ അജി പറഞ്ഞു. ദോഹ അൽമദ്റസ അൽഇസ്ലാമിയ്യ സംഘടിപ്പിച്ച വാർഷിക അവാർഡ് ദാന ചടങ്ങ് ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. അല്ലാഹുവിനെ അനുസരിക്കുന്നതിനും പ്രവാചകനെ അനുധാവനം ചെയ്യുന്നതിനും മാതാപിതാക്കൾക്ക് നന്മ ചെയ്യുന്നതിനുമൊക്കെയാണ് മതപഠനം സഹായിക്കുന്നത്. അതോടൊപ്പം മതാധ്യാപനങ്ങൾ ജീവിതത്തിൽ പകർത്തുന്ന ഡോക്ടറും എഞ്ചിനീയറും സയന്റിസ്റ്റുമൊക്കെ ഉണ്ടായിവരണമെന്നും അദ്ദേഹം പറഞ്ഞു.

ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ പ്രസിഡന്റ് കെ.ടി അബ്ദുറഹ്മാൻ അധ്യക്ഷത വഹിച്ചു. മജ്ലിസ് പൊതുപരീക്ഷയിൽ എല്ലാ വിഷയങ്ങൾക്കും എപ്ലസ് നേടിയ റാണിയ സമദ്, ശുഐബ് ഉസ്മാൻ, മുഹ്സിൻ മുസ്ത്വഫ, ഹനാൻ നിസാർ, ഹനാൻ ഫൈസൽ, അജൽ സലാം, നുസ്റ ശാക്കിർ, മുഷ്താഖ് അഹ്മദ്, ഹെസിൻ ഗഫൂർ എന്നിവർക്ക് മുഹ്സിൻ അൽ അജി സമ്മാനങ്ങൾ വിതരണം ചെയ്തു.

പത്താം ക്ലാസ്സ് പരീക്ഷയിൽ ആദ്യ മൂന്ന് റാങ്കുകൾ നേടിയ ഹവ്വ ബിൻത് ഹംസ, ഫർസാന അബ്ദുല്ല, ദാനിയ റഹീം, കഴിഞ്ഞ ഖത്തർ ദേശീയദിനത്തോടനുബന്ധിച്ച് നടത്തിയ ക്വിസ് മത്സരത്തിൽ ആദ്യ മൂന്ന് സ്ഥാനങ്ങൾ നേടിയ അജൽ സലാം, മുഹ്സിൻ മുസ്ത്വഫ, തൗഫീഖ് അസ്ലം എന്നിവർക്കുള്ള സമ്മാനങ്ങൾ വിതരണം ചെയ്തു. കഴിഞ്ഞ വാർഷിക പരീക്ഷയിൽ വിവിധ ക്ലാസ്സുകളിൽ ആദ്യ റാങ്കുകൾ നേടിയവർക്കും മദ്റസ ലൈബ്രറിയിൽ നിന്ന് കൂടുതൽ പുസ്തകങ്ങളെടുത്ത് വായിച്ച ഹനാൻ നിസാർ, ബാസിത് മൊയ്തു, തൻസീഹ നസീർ എന്നിവർക്കുമുള്ള സമ്മാനങ്ങളും പത്താം ക്ലാസ്സ് കഴിഞ്ഞവർക്കുള്ള സർട്ടിഫിക്കറ്റുകളും മാർക്ക് ലിസ്റ്റും വിതരണം ചെയ്തു.

ഐഡിയൽ ഇന്ത്യൻ സ്കൂൾ പ്രിൻസിപ്പൽ സയ്യിദ് ഷൗക്കത്തലി, ശാന്തിനികേതൻ ഇന്ത്യൻ സ്കൂൾ പ്രിൻസിപ്പൽ ഡോ. സുഭാഷ് നായർ, സ്കോളേഴ്സ് ഇന്റർനാഷനൽ പ്രിൻസിപ്പൽ ആനന്ദ് വിക്ടർ, എം.ഇ.എസ് ഇന്ത്യൻ സ്കൂൾ മാനേജിംഗ് കമ്മിറ്റി അംഗം എ.പി ഖലീൽ, അൽ മുഫ്ത ഗ്രൂപ്പ് അസിസ്റ്റന്റ് മാനേജർ ഫാസിൽ ഹമീദ്, മദ്റസ പി.ടി.എ പ്രസിഡന്റ് ശംസുദ്ദീൻ ഒളകര, വൈസ് പ്രസിഡന്റുമാരായ ഇ.പി അബ്ദുറഹ്മാൻ, മൂസക്കുട്ടി ഒളകര, ട്രഷറർ കെ.എൽ ഹാഷിം, ഐഡിയൽ ഇന്ത്യൻ സ്കൂൾ മാനേജിംഗ് കമ്മിറ്റി ജനറൽ സെക്രട്ടറി എ. മൊയ്തുപ്പ, ഫ്രണ്ട്സ് കൾചറൽ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഹബീബുറഹ്മാൻ കിഴിശ്ശേരി, ഇന്ത്യൻ ഇസ്ലാമിക് അസോസിയേഷൻ വൈസ് പ്രസിഡന്റ് കെ.സി അബ്ദുല്ലത്വീഫ്, ജനറൽ സെക്രട്ടറി സി.എച്ച് നജീബ് എന്നിവർ സമ്മാനദാനം നിർവഹിച്ചു.

അബ്ദുൽ ഹാദി അയ്യൂബിന്റെ ഖുർആൻ പാരായണത്തോടെ ആരംഭിച്ച പരിപാടിയിൽ മദ്റസ മാനേജിംഗ് കമ്മിറ്റി പ്രസിഡന്റ് വി.ടി ഫൈസൽ സ്വാഗതം പറഞ്ഞു. അമീൻ സുധീർ അറബി ഗാനവും, മുൻജിബയും സംഘവും സമൂഹ ഗാനവും ഇഹ്സാൻ നൗഷാദ് മലയാള ഗാനവും ആലപിച്ചു. പ്രധാനാധ്യാപകൻ അബ്ദുൽ വാഹിദ് നദ്‌വി നന്ദി പറഞ്ഞു.

## ബാദുഷക്ക് സ്വീകരണം

**ദോഹ:** മാക് ഖത്തർ മീഡിയ പ്ളസുമായി സഹകരിച്ചു സംഘടിപ്പിച്ച ട്രൈവാലി മൈലാഞ്ചി രാവിൽ വൈവിധ്യമാർന്ന ഇശലുകളാലപിച്ച് സഹൃദയ സദസ്സിന്റെ പ്രശംസയേറ്റുവാങ്ങിയ പ്രശസ്ത ബാലഗായകൻ മീഡിയ വൺ പതിനാലാംരാവ് ഫെയിം ബാദുഷക്ക് മീഡിയ പ്ളസ് സ്വീകരണം നൽകി. മീഡിയ പ്ളസിന്റെ ഉപഹാരം സഅദ് അമാനുല്ല സമ്മാനിച്ചു. മൈലാഞ്ചി രാവിന്റെ മുഖ്യ പ്രായോജകരായ ട്രൈവാലി ഗ്രൂപ്പും സഹപ്രായോജകരായ സൾഫർ കെമിക്കൽസും ബാദുഷയെ ആദരിച്ചു. ട്രൈവാലി ഗ്രൂപ്പിന്റെ ഉപഹാരം മുഹമ്മദ് പുതിയോട്ടിലും സൾഫർ കെമിക്കൽസിന്റെ സമ്മാനം അഹ്മദ് തൂണേരിയും സമർപ്പിച്ചു. മാക് പ്രസിഡണ്ട് എം. താഹിർ, റഹീം ഓമശ്ശേരി, സി.ടി മുഹമ്മദ് അസ്ലം, അഡ്വ. മുഹമ്മദ് ഇഖ്ബാൽ, അബ്ദുൽ ഹമീദ്, ടി.കെ ബഷീർ സംബന്ധിച്ചു.



*ട്രൈവാലി മൈലാഞ്ചി രാവിൽ സംഗീതാസ്വാദകരുടെ പ്രശംസ നേടിയ ബാലഗായകൻ മീഡിയ വൺ ഫെയിം ബാദുഷക്ക് മീഡിയ പ്ളസിന്റെ ഉപഹാരം സഅദ് അമാനുല്ല സമ്മാനിക്കുന്നു.*

# ഇന്ത്യയിലെ ജനങ്ങളുടെ ദുരിത ജീവിതം കാണാൻ പ്രവാസികൾ തയാറാവണം



വിഷൻ 2016 പദ്ധതി വിശദീകരണ സമ്മേളനത്തിൽ ഹ്യൂമൺ വെൽഫെയർ ഫൗണ്ടേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടർ കെ.കെ സുഹൈൽ സംസാരിക്കുന്നു.

**മനാമ:** ഇന്ത്യൻ യാഥാർഥ്യങ്ങളെ കണ്ടെത്താനുള്ള ശ്രമങ്ങൾ പ്രവാസികളുടെ ഭാഗത്ത് നിന്നുണ്ടാവണമെന്ന് ദൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹ്യൂമൻ വെൽഫെയർ ഫൗണ്ടേഷൻ പബ്ലിക് റിലേഷൻസ് ഡയറക്ടർ കെ.കെ സുഹൈൽ പറഞ്ഞു. അൽ ഇസ്‌ലാഹ് ഹാളിൽ അദ്ദേഹത്തിനും വിഷൻ 2016 ജി.സി.സി കോഡിനേറ്റർ റിസ്‌വാൻ റഫീഖിക്കും നൽകിയ സ്വീകരണയോഗത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം. നമ്മൾ കാണുന്ന ചിത്രങ്ങളിൽനിന്നും എത്രയോ ഭിന്നമാണ് ഇന്ത്യൻ ഗ്രാമങ്ങളുടെ അവസ്ഥ. അരികുവൽകരിക്കപ്പെടുന്നവരുടെ ഉന്നമനത്തിനായി കഴിഞ്ഞ അഞ്ച് വർഷമായി ഫൗണ്ടേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. അടിസ്ഥാന വർഗങ്ങളുടെ സമഗ്രമായ വികസനവും പുരോഗതിയുമാണ് പദ്ധതി ലക്ഷ്യം വെക്കുന്നത്. അഞ്ച് വർഷങ്ങൾക്കുള്ളിൽ 67 ലക്ഷം പേർക്ക് ഇതിന്റെ പ്രയോജനം ലഭിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാറിന്റെ സ്ഥിതി വിവരക്കണക്കുകൾ അനുസരിച്ച് പിന്നാക്കമായ 90 ന്യൂനപക്ഷ കേന്ദ്രീകൃത ജില്ലകളിലാണ് മുഖ്യമായും ഫൗണ്ടേഷന്റെ പ്രവർത്തനങ്ങൾ. 50 സന്നദ്ധ സംഘടനകളുടെ സഹകരണത്തോടെ 200 പദ്ധതികൾ ഇതിനകം നടപ്പാക്കാൻ സാധിച്ചതായി അദ്ദേഹം അറിയിച്ചു.

ഗുജറാത്ത്, മധ്യപ്രദേശ്, യു.പി, ബീഹാർ, പശ്ചിമബംഗാൾ, അസം, മേഘാലയ, പഞ്ചാബ്, ഹരിയാന, ദൽഹി എന്നീ സംസ്ഥാനങ്ങളിലെ ദരിദ്ര, പിന്നാക്ക പ്രദേശങ്ങളിൽ ആരോഗ്യ സംരക്ഷണം, പൗരാവകാശ സംരക്ഷണം, ഉപജീവനമാർഗമൊരുക്കൽ മേഖലകളിലാണ് മുഖ്യപ്രവർത്തനങ്ങൾ. സ്ത്രീശാക്തീകരണം, മൈക്രോ ഫിനാൻസ്, ദുരന്ത നിവാരണം, പുനരധിവാസം എന്നീ മേഖലകളിലും ശ്രദ്ധിക്കുന്നുണ്ട്. കമ്പിളി വസ്ത്രം, ഇഫ്താർ കിറ്റ്, ബലിമാംസം, സ്കൂൾ ബാഗ് എന്നിവയുടെ വിതരണത്തിനും വൻതുകകൾ ചെലവഴിക്കുന്നുണ്ട്. അടിസ്ഥാന സൗകര്യവികസനം ലക്ഷ്യമിട്ട് നൂറ് മാതൃകാ ഗ്രാമങ്ങളെങ്കിലും ഉടൻ സ്ഥാപിക്കാൻ പദ്ധതിയുണ്ട്. ഇവയിൽ ഭൂരിഭാഗവും പശ്ചിമബംഗാളിലായിരിക്കും.

ചുരുങ്ങിയ ചെലവിൽ ആരോഗ്യസേവനം ലഭ്യമാക്കാനുള്ള ഹെൽത്ത് സെന്റർ, മൊബൈൽ മെഡിക്കൽ സെന്റർ സൗകര്യങ്ങൾ എന്നിവ നാല് ലക്ഷം പേർ പ്രയോജനപ്പെടുത്തി. സർക്കാറിന്റെയോ സ്വകാര്യ ഏജൻസികളുടെയോ ശ്രദ്ധ പതിയാത്ത ഉൾനാടൻ ഗ്രാമങ്ങളിലാണ് ഇവയിലേറെയും. ദൽഹിയിൽ ആരംഭിച്ച അൽശിഫാ ആശുപത്രിയിൽ ചുരുങ്ങിയ ചെലവിൽ മികച്ച ചികിത്സ ലഭ്യമാക്കിവരുന്നു. അസം കലാപ കാലത്ത് അഭയാർഥി ക്യാമ്പുകളിലെത്തിയ 30 ലക്ഷം പേർ വീടുകളിലേക്ക് മടങ്ങിപ്പോകാനാവശ്യമായ പ്രവർത്തനങ്ങൾ നടത്തി. ഇവർക്കായി വിദ്യാഭ്യാസം, ആരോഗ്യം, ഭവനനിർമാണം എന്നീ മേഖലകളിലായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. വിഷൻ 2016 മായി സഹകരിക്കാൻ താൽപര്യമുള്ളവർക്ക് 34537788 എന്ന നമ്പറിലോ www.hwfindia.org എന്ന വിലാസത്തിലോ ബന്ധപ്പെടാം. സ്വീകരണ പരിപാടിയിൽ കെ.ഐ.ജി പ്രസിഡന്റ് സഈദ് റമദാൻ നദ്‌വി അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി സി. ഖാലിദ് സ്വാഗതവും വൈസ് പ്രസിഡന്റ് ജമാൽ ഇരിങ്ങൽ സമാപന പ്രസംഗവും നിർവഹിച്ചു. ഐ.എം സലീം ഖിറാഅത്ത് നടത്തി.

## അറബി ഭാഷയുടെ പ്രാധാന്യം ഏറി വരുന്നു



**ദോഹ:** ഇന്തോ അറബ് ബന്ധം കൂടുതൽ ഊഷ്മളവും സുദൃഢവുമാക്കുന്നതിൽ അറബി ഭാഷക്ക് സുപ്രധാനമായ പങ്കുണ്ടെന്നും ലോക സംസ്കാരത്തിനും വൈജ്ഞാനിക നവോത്ഥാനത്തിനും അനർഘ സംഭാവനകൾ നൽകിയ അറബി ഭാഷ ചരിത്രപരവും സാഹിത്യപരവുമായ ഒട്ടേറെ സവിശേഷതകളുള്ളതാണെന്നും പ്രമുഖ വ്യവസായിയും ഒ.ഐ.സി.സി ഗ്ളോബൽ ചെയർമാനുമായ പത്മശ്രീ അഡ്വ. സി.കെ. മേനോൻ അഭിപ്രായപ്പെട്ടു. അമാനുല്ല വടക്കാങ്ങരയുടെ സ്പോക്കൺ അറബിക് ഗൈഡ് എന്ന പുസ്തകം പ്രകാശനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സിജി ഖത്തർ ചാപ്റ്റർ പ്രസിഡന്റ് എം.പി ഷാഫി ഹാജി പുസ്തകത്തിന്റെ ആദ്യപ്രതി ഏറ്റുവാങ്ങി. ഇന്ത്യൻ കൾചറൽ സെന്റർ ഉപദേശക സമിതി ചെയർമാൻ കെ.എം വർഗീസ്, ഫ്രന്റ്സ് കൾചറൽ സെന്റർ എക്സിക്യൂട്ടീവ് ഡയറക്ടർ ഹബീബുറഹ്മാൻ കിഴിശ്ശേരി, മൻസൂർ പള്ളൂർ എന്നിവർ സംസാരിച്ചു. ബന്ന ചേന്ദമംഗല്ലൂർ പരിപാടി നിയന്ത്രിച്ചു.